THE PLANTATION CORPORATION OF KERALA LTD
(An ISO 9001:2015 Certified Company under Government of Kerala)
Registered Office: KOTTAYAM-686 004
CIN:U01119KL1962SGC001997
0481.2578301- 04, 2578306 (MD) Fax:0481.2575133 (MD) Web:www.pcklimited.in E-mail:pckltd@bsnl.in , mdpckltd@gmail.com

PRO/F-101/KSD/2610 18.09.2025

## ടെണ്ടർ നോട്ടീസ്

**റബ്ബർ ഏരിയ കാട്ടുകൊത്ത്- ഇ-ടെൻഡർ കം ഇ-ഓക്ഷൻ/സീൽഡ് ടെൻഡർ മുഖേന**

പ്ലാന്റേഷൻ കോർപ്പറേഷന്റെ കാസർഗോഡ് എസ്റ്റേറ്റിലെ താഴെപ്പറയുന്നതായ റബ്ബർ ഏരിയ ബ്ലോക്കുകളിലെ കാട് വെട്ടുന്നതിന് മത്സരാധിഷ്ഠിത ടെണ്ടറുകൾ ഇ-ടെൻഡർ കം ഇ-ഓക്ഷൻ/സീൽഡ് ടെൻഡർ വ്യവസ്ഥകൾക്ക് വിധേയമായി ക്ഷണിക്കുന്നു.

| ഡിവിഷൻ | ബ്ലോക്ക് | ഏരിയ (ഹെ.) |
|---|---|---|
| മൂളിയാർ | ആളൂർ, 2013 ഏരിയ | 65.00 |
| മൂളിയാർ | ചൊക്കമൂല, 2008 ഏരിയ | 85.00 |

**വ്യവസ്ഥകൾ**

1. ഒരു ഹെക്ടർ സ്ഥലം കാട് വെട്ടുന്നതിന് കോർപ്പറേഷൻ നൽകേണ്ട ഏറ്റവും കുറഞ്ഞ തുകയാണ് ടെണ്ടറിൽ കാണിച്ചിരിക്കേണ്ടത്.
2. എല്ലാവിധ കളകളും, കുറ്റിക്കാടുകളും, വള്ളികളും നിലം പറ്റെ വെട്ടി ഏരിയാ വൃത്തിയാക്കേണ്ടതാണ്.
3. കാടു വെട്ടേണ്ട സ്ഥലം മുൻകൂട്ടി കണ്ട് സ്ഥലത്തിന്റെ വിസ്തൃതി, കാടുകളുടെ വളർച്ച തുടങ്ങിയവ ബോധ്യപ്പെടേണ്ടതും പിന്നീട് ഏരിയായെക്കുറിച്ച് തർക്കങ്ങൾ ഉന്നയിക്കാൻ പാടില്ലാത്തതുമാണ്. ഡിവിഷൻ അധികാരിയുടെ നിർദ്ദേശാനുസരണം ജോലി ചെയ്യേണ്ടതാണ്.
4. കരാറുകാരൻ നിയമപരമായ നികുതികൾ അടക്കാൻ ബാദ്ധ്യസ്ഥനാണ്. കൂടാതെ, കരാർ സംബന്ധമായ എല്ലാ ജോലികളും കരാറുകാരന്റെ പൂർണ്ണ ഉത്തരവാദിത്വത്തിലും, ചുമതലയിലും ആയിരിക്കും. എല്ലാ നിയമങ്ങൾക്കും വിധേയമായിക്കൊണ്ട് ഏറ്റെടുക്കുന്ന ജോലികൾ പൂർണ്ണമായും നടപ്പിലാക്കുന്നതിന്റെ മുഴുവൻ ഉത്തരവാദിത്വവും കരാറുകാരനിൽ നിക്ഷിപ്തമായിരിക്കും (വന്യമൃഗ ആക്രമണം, ഇതര അപകടങ്ങൾ, കരാറുകാരന്റെ തൊഴിലാളികളുടെ പ്രോവിഡന്റ് ഫണ്ട് വിഹിതം അടക്കുന്നത് ഉൾപ്പടെയുള്ള ബാധ്യതകൾ തുടങ്ങിയവ).

5. കരാറുകാരനിൽ നിന്നോ, ജോലിക്കാരിൽ നിന്നോ കോർഷറേഷനോ, കോർഷറേഷന്റെ മുതലുകൾക്കോ എന്തെങ്കിലും നാശനഷ്ടം സംഭവിച്ചാൽ കോർഷറേഷൻ നിശ്ചയിക്കുന്ന പ്രകാരമുള്ള നഷ്ടപരിഹാരം കരാറുകാരൻ ഉടൻ തന്നെ അടയ്ക്കേണ്ടതാണ്.

6. ഇ-ടെണ്ടറും, സീൽഡ് ടെണ്ടറും **29.09.2025, 12.00 PM** വരെ സമർപ്പിക്കാവുന്നതാണ്. മുദ്ര വെച്ച ദർഘാസുകൾ കാസർഗോഡ് എസ്റ്റേറ്റിൽ **29.09.2025, 12.00 PM വരെ** സ്വീകരിക്കുന്നതും **30.09.2025, 12.00 PM-ന് PCK ഹെഡ് ഓഫീസിൽ വച്ച്** ആ സമയത്ത് ഹാജരായിട്ടുള്ള കരാറുകാരുടെയോ അവരുടെയോ പ്രതിനിധികളുടെയോ സാന്നിധ്യത്തിൽ തുറക്കുന്നതുമാണ്. ഇ-ടെണ്ടറിൽ പങ്കെടുക്കുന്നവർക്ക് **30.09.2025, 2.00 PM-ന്** ശേഷംതാഴെ കാണിച്ചിരിക്കുന്ന സമയപ്രകാരം ഇ-ഓക്ഷനിൽ പങ്കെടുക്കുന്നതിന് അവസരമുണ്ടാകുന്നതാണ്. ഇ-ദർഘാസ് / മുദ്രവച്ച ദർഘാസ് എന്നിവയിൽ നിന്നും ഏറ്റവും കൂടിയ തുകയാണ് ഇ-ഓക്ഷൻ തുടങ്ങുന്നതിനുള്ള അടിസ്ഥാന വിലയായി നൽകുന്നതും ആയതിൽ നിന്നും ഇ-ഓക്ഷൻ ആരംഭിക്കുന്നതുമാകുന്നു. ശേഷം ഇ-ടെൻഡർ-കം-ഓക്ഷൻ /സീൽഡ് ടെൻഡർ എന്നിവയിൽ ലഭിക്കുന്നതായ തുകകളിൽ ഏതാണോ കൂടുതൽ അതായിരിക്കും ടെൻഡർ ഉറപ്പിക്കുന്നതിനായി പരിഗണിക്കുക. ഏതെങ്കിലും കാരണവശാൽ ഇ-ഓക്ഷൻ ഓഫീസ് പ്രവൃത്തിസമയത്തിനു ശേഷം തുടരുന്ന പക്ഷം തൊട്ടടുത്ത പ്രവൃത്തി ദിവസം രാവിലെ 10.30 ന് ഇ-ഓക്ഷൻ കഴിഞ്ഞുള്ള ഇ-ദർഘാസ് തുറക്കുന്നതായിരിക്കും.

7. **മുദ്രവെച്ച ദർഘാസ് / ഇ- ദർഘാസുകൾ നടത്തപ്പെടുന്ന സ്ഥലം, തീയതി, സമയം എന്നിവ ചുവടെ ചേർക്കുന്നു.**

| **മുദ്രവെച്ച ദർഘാസ് സമർപ്പിക്കുവാനുള്ള സ്ഥലവും സമയവും** | **ഇ – ടെൻഡർ സമർപ്പിക്കുവാനുള്ള അവസാന സമയം** | **മുദ്രവെച്ച ദർഘാസ് തുറക്കുന്ന സ്ഥലവും സമയവും** | **ഇ –ടെൻഡർ ഒറിജിനൽ രേഖകൾ ലഭിക്കേണ്ട അവസാന സമയവും സ്ഥലവും** | **ഇ-ഓക്ഷൻ തുടങ്ങുന്ന സമയം** |
|---|---|---|---|---|
| കാസർഗോഡ് എസ്റ്റേറ്റ് ഓഫീസ്, മൂളിയാർ പി ഒ , കാസർഗോഡ്- 671 542<br><br>29-09-2025, 12.00 PM | 29-09-2025, 12.00 PM | പി സി കെ ഹെഡ് ഓഫീസ്, കോട്ടയം<br><br>30-09-2025, 12.00 PM | പി സി കെ ഹെഡ് ഓഫീസ്, കോട്ടയം<br><br>30-09-2025 10.00 AM | 30-09-2025<br><br>2.00 PM to 3.00 PM |

8. ടെൻഡർ നടത്തുന്നതിന് നിശ്ചയിച്ചിരിക്കുന്ന ദിവസം ഹർത്താൽ, പൊതു അവധി തുടങ്ങിയ ഏതെങ്കിലും കാരണത്താൽ ടെൻഡർ നടത്താൻ കഴിയാതെ വന്നാൽ, തൊട്ടടുത്ത പ്രവൃത്തി ദിവസം നിശ്ചിത സമയത്തുതന്നെ ടി ടെൻഡർ നടത്തുന്നതായിരിക്കും.

9. ടെണ്ടർ സ്വീകരിക്കുന്നതിനുള്ള അവസാനതീയതി ആയിട്ടും, കോർപ്പറേഷന് സ്വീകാര്യമായ എണ്ണം ടെൻഡറുകൾ ലഭിക്കാതെ വന്നാൽ, യാതൊരു മുന്നറിയിപ്പും കൂടാതെ പ്രസ്തുത ടെണ്ടർ സ്വീകരിക്കുന്നതിനുള്ള അവസാനതീയതി നീട്ടിവെക്കുന്നതിനും, അതുവരെ ലഭിച്ച ടെണ്ടറുകൾ പുതിയ തീയതിയിൽ മാത്രം തുറക്കുന്നതിനുമുള്ള അധികാരം മാനേജിങ് ഡയറക്ടറിൽ (പി.സി.കെ. ലിമിറ്റഡ്) നിക്ഷിപ്തമായിരിക്കും. അപ്രകാരം തീയതി നീട്ടുന്ന പക്ഷം, ആദ്യ

അവസരത്തിൽ/അവസരങ്ങളിൽ ടെൻഡർ വാഗ്ദാനം നൽകിയവർക്ക് വാഗ്ദാനത്തുകയിൽ മാറ്റം വരുത്താൻ താത്പര്യമുണ്ടെങ്കിൽ, ആദ്യ EMD ഉപയോഗിച്ചുകൊണ്ടുതന്നെ വീണ്ടും നിശ്ചിത തീയതിക്കകം ടെൻഡർ വാഗ്ദാനം നൽകാവുന്നതാണ്. ഇപ്രകാരം ഒരാൾ വാഗ്ദാനം ചെയ്യുന്ന തുകകളിൽ, ഏറ്റവും കൂടിയ തുക മാത്രമായിരിക്കും വാഗ്ദാനം ചെയ്തിട്ടുള്ള തുകയായി പരിഗണിക്കുന്നത്.

10. ടെണ്ടറിൽ പങ്കെടുക്കാൻ ഉദ്ദേശിക്കുന്നവർ ടെണ്ടർ നൽകുന്നതിനു മുൻപായി മേൽപ്പറഞ്ഞ എസ്റ്റേറ്റുകളിലെ തോട്ടങ്ങൾ നേരിട്ട് സന്ദർശിച്ച് നിജസ്ഥിതി ബോധ്യപ്പെടേണ്ടതാണ്. ടെണ്ടർ സംബന്ധിച്ച കൂടുതൽ വിവരങ്ങൾ താഴെപ്പറയുന്ന നമ്പരിൽ ലഭിക്കുന്നതാണ്.

| ഉദ്യോഗസ്ഥന്റെ പേര് | തസ്തിക | യൂണിറ്റ് | മൊബൈൽ/ ലാൻഡ് നമ്പർ |
|---|---|---|---|
| ശ്രീ.സന്തോഷ് എം. | ജനറൽ മാനേജർ (ഓപ്പറേഷൻസ്) | ഹെഡോഫീസ് | 9496076004, 9447142369, 7593938769, 0481-2578301-04 |
| ശ്രീ.സജീവ് യു. | മാനേജർ | കാസർഗോഡ് എസ്റ്റേറ്റ് | 9447204200, 9605992079, 0499-4250223 |

11. ടെണ്ടറിൽ പങ്കെടുക്കുവാൻ താൽപ്പര്യമുള്ളവർക്ക് ഇ-ടെണ്ടർ മുഖാന്തിരവും, അല്ലെങ്കിൽ സീൽഡ് ടെണ്ടർ മുഖാന്തിരവും പങ്കെടുക്കാവുന്നതാണ്.

12. ഇ-ടെണ്ടർ/സീൽഡ് ടെണ്ടറിൽ പങ്കെടുക്കുന്നതിനുള്ള ടെണ്ടർ ഫോം ഒന്നിന് 118/- രൂപയും, നിരതദ്രവ്യം ബ്ലോക്ക് ഒന്നിന് 5,000/-(അയ്യായിരം) രൂപയുമാണ്.

13. ഇ-ടെൻഡറിൽ പങ്കെടുക്കുവാൻ താൽപ്പര്യമുള്ളവർ https://etenders.kerala.gov.in എന്ന ഇ-ടെൻഡർ പോർട്ടൽ സന്ദർശിക്കുക. ഇതു സംബന്ധിച്ച് എന്തെങ്കിലും സംശയങ്ങൾ ഉണ്ടാകുന്ന പക്ഷം താഴെപ്പറയുന്ന നമ്പരുകളിലേക്ക് വിളിക്കാവുന്നതാണ്.

പി.സി.കെ.-Ph. 7593938769, 0481-2578301-04, 9048614891. E-Procurement support desk of Kerala State IT Mission over telephone at 0471-2577088/188/388 or 0484-2336006, 2332262 or 0497-2764788, 2764188 or 0483-273294 or through email: etendershelp@kerala.gov.in or helpetender@gmail.comfor assistance in this regard.

14. ഇ-ടെണ്ടറിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ, ഇ-ടെണ്ടർ വ്യവസ്ഥകൾ ഇ-പോർട്ടലിൽ നിന്നും ഡൌൺലോഡ് ചെയ്യേണ്ടതും, വ്യവസ്ഥകൾ പൂർണ്ണമായും അംഗീകരിക്കുന്നതായി രേഖപ്പെടുത്തിയ സമ്മതപത്രവും, എല്ലാ പേജുകളിലും ഒപ്പിട്ട ടെണ്ടർ കണ്ടീഷനും, മാനേജിംഗ് ഡയറക്ടർ, പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ്, കോട്ടയം എന്ന പേരിൽ എടുത്ത ഡിമാന്റ് ഡ്രാഫ്റ്റിന്റെ സ്കാൻഡ് കോപ്പിയോ അല്ലെങ്കിൽ ഹെഡ് ഓഫീസ്സ് ബാങ്ക് അക്കൌണ്ടിൽ (A/c Holder : PCK, ബാങ്ക്: CANARA BANK, ശാഖ: KANJIKUZHY, അക്കൗണ്ട് നമ്പർ: 2964201000003, IFSC CODE: CNRB0002964))RTGS/ NEFT/ Electronic payments മുഖാന്തിരം അടച്ചതിന്റെ രേഖയുടെ സ്കാൻഡ് കോപ്പിയും, ക്രേതാവിന്റെ തിരിച്ചറിൽ രേഖ, പാൻകാർഡ് എന്നിവയുടെ കോപ്പിയും, ടെണ്ടർ ഫീസ്സ് (Rs.118/-) അടച്ച് ഇ-പോർട്ടലിൽ ക്വട്ടേഷൻ സമർപ്പിക്കുമ്പോൾ അപ് ലോഡ് ചെയ്യേണ്ടതുമാണ്. D.D./RTGS/ NEFT/ Electronic payments സംബന്ധിച്ച വിവരങ്ങൾ അപ് ലോഡ് ചെയ്യുന്ന ടെണ്ടർ വ്യവസ്ഥകളിൽ കൃത്യമായി ചേർക്കാത്ത പക്ഷം ടി-ടെണ്ടർ നിരാകരിക്കുന്നതാണ്. ഡിമാൻഡ് ഡ്രാഫ്റ്റിന്റെ ഒറിജിനൽ, ടെൻഡർ വ്യവസ്ഥകൾ വായിച്ച് ബോധ്യപ്പെട്ട് അവ പൂർണ്ണമായി അംഗീകരിക്കുന്നതായി ഒപ്പ് രേഖപ്പെടുത്തിയ സമ്മതപത്രവും, എല്ലാ പേജുകളിലും ഒപ്പിട്ട ടെൻഡർ കണ്ടിഷന്റെ ഒറിജിനൽ, പാൻ കാർഡ്, ആധാർകാർഡ് എന്നിവയുടെ കോപ്പികളും **ടെൻഡർ തുറക്കുന്ന**

**ദിവസം (തീയതി-30.09.2025) 10.00 A.M. മണിക്ക് മുൻപായി പി സി കെ ഹെഡ് ഓഫീസ് കോട്ടയത്ത്** മുദ്രവെച്ച കവറിൽ കവറിന് പുറത്ത് ഇടതുവശത്ത് മുകളിൽ **"കാസർഗോഡ് എസ്റ്റേറ്റ് റബ്ബർ ഏരിയ കാട്ടുകൊത്ത്-ദർഘാസ് രേഖകൾ"** എന്ന ശീർഷകം വെക്കേണ്ടതും, ദർഘാസ്സ് നമ്പർ, എസ്റ്റേറ്റ്, ബ്ലോക്ക്, തുറക്കുന്ന തീയതി, പേര്, മേൽ വിലാസം എന്നിവ രേഖപ്പെടുത്തി ലഭിച്ചിരിക്കേണ്ടതാണ്.

15. സീൽഡ് ടെണ്ടർ രീതിയിൽ പങ്കെടുക്കാൻ താൽപ്പര്യമുള്ളവർ നേരിട്ട് 118-രൂപ ഫീസടച്ച് (നികുതി ഉൾപ്പടെ), ടെൻഡർ വ്യവസ്ഥകളും, ടെൻഡർ ഫോമും കോട്ടയത്തുള്ള ഹെഡ് ഓഫീസിൽ നിന്നോ, എസ്റ്റേറ്റ് ഓഫീസിൽ നിന്നോ ടെണ്ടർ സമർപ്പിക്കേണ്ട അവസാനദിവസത്തിന്റെ തലേദിവസം വൈകിട്ട് നാലുമണിക്ക് മുൻപായി വാങ്ങേണ്ടതാണ്. ഓരോ ബ്ലോക്കിനും പ്രത്യേകം പ്രത്യേകം നിരതദ്രവ്യമായ തുക 5000 രൂപ അതാത് എസ്റ്റേറ്റ് ഓഫീസ്സ് ബാങ്ക് അക്കൌണ്ടിൽ മാറത്തക്ക വിധം ഡി.ഡി ആയോ, അതുമല്ലെങ്കിൽ RTGS/ NEFT/ Electronic payments മുഖാന്തിരമോ ടെണ്ടർ സമർപ്പിക്കുന്നതിന് മുൻപായി അടച്ചിരിക്കേണ്ടതും, ആയതിന്റെ രേഖ **കാസർഗോഡ് എസ്റ്റേറ്റിൽ** ടെണ്ടർ സമർപ്പിക്കുന്നതിനൊപ്പം സമർപ്പിക്കേണ്ടതുമാണ്. ടെൻഡർ ഫോറത്തിനൊപ്പം, ടെൻഡർ വ്യവസ്ഥകൾ വായിച്ച് ബോധ്യപ്പെട്ട് അവ പൂർണ്ണമായി അംഗീകരിക്കുന്നതായി ഒപ്പ് രേഖപ്പെടുത്തിയ സമ്മതപത്രവും, ടെൻഡർ വ്യവസ്ഥ കളുടെ എല്ലാ പേജുകളിലും ഒപ്പിട്ട് ദർഘാസിനൊപ്പം ആധാർ കാർഡ്, പാൻ കാർഡ് എന്നിവയുടെ കോപ്പികൾ സമർപ്പിക്കേണ്ടതാണ്. മുദ്രവച്ച കവറിന് പുറത്ത് ഇടതുവശത്ത് മുകളിൽ **"കാസർഗോഡ് എസ്റ്റേറ്റ് റബ്ബർ ഏരിയ കാട്ടുകൊത്ത്-ദർഘാസ് രേഖകൾ"** എന്ന ശീർഷകം വെക്കേണ്ടതും, ദർഘാസ്സ് നമ്പർ, എസ്റ്റേറ്റ്, ബ്ലോക്ക്, തുറക്കുന്ന തീയതി, പേര്, മേൽ വിലാസം എന്നിവ രേഖപ്പെടുത്തി ദർഘാസുകൾ **കാസർഗോഡ്** എസ്റ്റേറ്റ് ഓഫീസിൽ ടെണ്ടർ സമർപ്പിക്കേണ്ട അവസാന സമയത്തിന് മുൻപുതന്നെ നല്കിയിരിക്കേണ്ടതാണ്. **മുദ്ര വെച്ച ദർഘാസുകൾ ഹെഡ് ഓഫീസിൽ വച്ച് 30-09-2025, 12.00 PM ന് തുറക്കുന്നതായിരിക്കും.**

16. ഇ-ദർഘാസിലൂടെയോ, സീൽഡ് ദർഘാസിലൂടെയോ ഭാഗീകമായോ, പൂരിപ്പിക്കാതെയോ സമർപ്പിക്കുന്ന ടെണ്ടറുകൾ സ്വീകരിക്കുന്നതല്ല.

17. കോർപ്പറേഷനിലെ തൊഴിലാളികൾക്കോ, ജീവനക്കാർക്കോ ഒരു ദർഘാസിലും പങ്കെടുക്കാൻ അവകാശമുണ്ടായിരിക്കുന്നതല്ല.

18. ടെൻഡർ പ്രകാരം ക്രേതാവിനു ലഭിക്കുന്ന അവകാശം യാതൊരു കാരണവശാലും പിസികെ-യുടെ മുൻകൂർ അനുമതി കൂടാതെ കൈമാറ്റം ചെയ്യാൻ പാടില്ലാത്തതാണ്.

19. കരാർ സംബന്ധമായി എന്തെങ്കിലും സംശയങ്ങളോ തർക്കങ്ങളോ ഉണ്ടാകുന്ന പക്ഷം മാനേജിങ് ഡയറക്ടർ എടുക്കുന്ന തീരുമാനം അന്തിമമമായിരിക്കും. എന്തെങ്കിലും വ്യവഹാരം ഉണ്ടാകുന്ന പക്ഷം ആയതിന്റെ അധികാര പരിധി കോട്ടയം അധികാരാതിർത്തിയിലുള്ള കോടതികളിൽ മാത്രമായിരിക്കും.

20. ഏതു ടെണ്ടറും സ്വീകരിക്കുന്നതിനും, കാരണം കാണിക്കാതെ നിരാകരിക്കുന്നതിനുമുള്ള അധികാരം പ്ലാന്റേഷൻ കോർപ്പറേഷൻ മാനേജിങ് ഡയറക്ടറിൽ നിക്ഷിപ്തമായിരിക്കും.

21. ക്രേതാവ് നിയമപരമായ നികുതികൾ അടക്കാൻ ബാദ്ധ്യസ്ഥനാണ്. കൂടാതെ, കരാർ സംബന്ധമായ എല്ലാ ജോലികളും ക്രേതാവിന്റെ പൂർണ്ണ ഉത്തരവാദിത്വത്തിലും, ചുമതലയിലും ആയിരിക്കും. എല്ലാ നിയമങ്ങൾക്കും വിധേയമായിക്കൊണ്ട് ഏറ്റെടുക്കുന്ന ജോലികൾ പൂർണ്ണമായും നടപ്പിലാക്കുന്നതിന്റെ മുഴുവൻ ഉത്തരവാദിത്വവും ക്രേതാവിൽ നിക്ഷിപ്തമായിരിക്കും (വന്യമൃഗ ആക്രമണം, ഇതര അപകടങ്ങൾ, ക്രേതാവിന്റെ തൊഴിലാളികളുടെ പ്രോവിഡന്റ് ഫണ്ട് വിഹിതം അടക്കുന്നത് ഉൾപ്പടെയുള്ള ബാധ്യതകൾ തുടങ്ങിയവ).

22. ടെണ്ടർ ഉറപ്പിച്ച് കിട്ടുന്നയാൾ അറിയിപ്പ് കിട്ടി 3 ദിവസത്തിനകം മൊത്തം ടെണ്ടർ തുകയുടെ 10% വരുന്ന തുക സെക്യൂരിറ്റി ഡിപ്പോസിറ്റായി എസ്റ്റേറ്റ് ആഫീസിൽ കെട്ട് വച്ച് 200/- രൂപ മുദ്രപത്രത്തിൽ ഒരു എഗ്രിമെന്റ് വച്ച് കാട് വെട്ട് ജോലികൾ ആരംഭിക്കേണ്ടതാണ്. കരാറുകാരൻ കാട് വെട്ട് സമയബന്ധിതമായും തൃപ്തികരമായും പൂർത്തീകരിച്ചാൽ മാത്രമേ സെക്യൂരിറ്റി തുക പലിശ രഹിതമായി തിരികെ നല്കുകയുള്ളൂ.

23. 30%, 60%, 90% ജോലി പൂർത്തീകരിക്കുന്ന മുറക്ക്, ഡിവിഷൻ അധികാരിയുടെ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ചെയ്തുതീർത്ത ജോലിയുടെ 70% തുക പാർട്ട് പേയ്മെന്റായി നൽകുന്നതാണ്.

24. കാട്കൊത്ത് ജോലി 45 ദിവസത്തിനകം പൂർത്തീകരിക്കുന്നതിന് താമസം നേരിട്ടാൽ പരമാവധി 15 ദിവസം കൂടി ഓരോ ഏഴ് ദിവസത്തിനു കരാർ തുകയുടെ 0.5% പിഴ ഈടാക്കി അനുവദിക്കുന്നതായിരിക്കും. തുടർന്നും ജോലി പൂർത്തിയാക്കാത്ത പക്ഷം കരാർ ഉടമ്പടി റദ്ദ് ചെയ്യുന്നതും വകുപ്പ് 25 പ്രകാരമുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതിനും കോർപ്പറേഷന് അവകാശം ഉണ്ടായിരിക്കുന്നതുമാണ്.

25. കരാറുകാരൻ ടെണ്ടർ ഉറപ്പിച്ച് കിട്ടിയതിനുശേഷം എഗ്രിമെന്റ് വയ്ക്കാതെയും പണി ചെയ്യാതെയും പിൻമാറുകയാണെങ്കിൽ കരാറുകാരൻ എഴുതി തന്നിരിക്കുന്ന ടെണ്ടർ പത്രികയേയും ടെണ്ടർ കണ്ടീഷനേയും എഗ്രിമെന്റാക്കി കണക്കാക്കി കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതിന് കോർപ്പറേഷന് അവകാശം ഉള്ളതും ബദൽ ക്രമീകരണം വഴി കോർപ്പറേഷന് പണി പൂർത്തീകരിക്കുന്നതിനും, തന്മൂലം ഉണ്ടാകാവുന്നതായ ചെലവുകളും നഷ്ടങ്ങളും കരാറുകാരനിൽ നിന്ന് ഈടാക്കിയെടുക്കുന്നതിന് കോർപ്പറേഷന് അധികാരം ഉണ്ടായിരിക്കുന്നതാണ്.

26. നിർദ്ദിഷ്ട ജോലി യഥാസമയം തുടങ്ങാതിരിക്കുകയോ പണി ചെയ്യാതിരിക്കുകയോ നിശ്ചിത സമയത്തിനുള്ളിൽ തൃപ്തികരമായി പൂർത്തീകരിക്കാതിരിക്കുകയോ, കരാർ വ്യവസ്ഥകൾക്ക് വിരുദ്ധമായി പ്രവർത്തിക്കുകയോ ചെയ്താൽ, കരാറുകാരൻ അന്നേവരെ കോർപ്പറേഷനിലേക്ക് അടച്ചിട്ടുള്ള മുഴുവൻ തുകയും കോർപ്പറേഷനിലേക്ക് മുതൽ കൂട്ടുന്നതും കരാർ റദ്ദ് ചെയ്ത് കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ കോർപ്പറേഷൻ ബദൽ മാർഗ്ഗങ്ങൾ ഏർപ്പെടുത്തി കരാർ ജോലികൾ ചെയ്ത് തീർക്കുന്നതും ആയതിന്മേൽ ഉണ്ടാകുന്ന എല്ലാ ചെലവുകളും നഷ്ടങ്ങളും പൂർണ്ണമായും കരാറുകാരനിൽ നിന്നും ഈടാക്കി എടുക്കുന്നതിന് കോർപ്പറേഷന് അവകാശം ഉണ്ടായിരിക്കുന്നതുമാണ്.

27. കരാറുകാരൻ സ്വന്തം ചെലവിലും ഉത്തരവാദിത്തത്തിലും ജോലിക്കാരേയും പണിയായുധങ്ങളും കൊണ്ടുവരേണ്ടതും, ടി തൊഴിലാളികളുടെ സേവനവേതന വ്യവസ്ഥയിൽ കോർപ്പറേഷന് യാതൊരു ബാധ്യതയും ഉണ്ടായിരിക്കുന്നതുമല്ല. കരാറുകാരന്റെയോ ടിയാളുടെ ജോലിക്കാരുടെയോ പ്രവർത്തിമൂലം കോർപ്പറേഷന്റെ വസ്തുവകൾക്കോ എസ്റ്റേറ്റിലെ KSEB, BSNL എന്നിവയുടെ വസ്തുവകകൾക്കോ നാശനഷ്ടം ഉണ്ടാകാൻ പാടുള്ളതല്ല. അപ്രകാരം സംഭവിച്ചാൽ ആയതിന്റെ പരിപൂർണ്ണമായ ഉത്തരവാദിത്വം കരാറുകാരനായിരിക്കുന്നതും കോർപ്പറേഷൻ (PCK) നിശ്ചയിക്കുന്ന നഷ്ടപരിഹാരം കരാറുകാരനിൽ നിന്നും ഈടാക്കുന്നതും ആയിരിക്കും. ആയത് ചോദ്യം ചെയ്യപ്പെടാന് പാടില്ലാത്തതുമാണ്.

28. മുഴുവൻ ജോലികളും പൂർത്തിയാക്കിയശേഷം ആയത് സംബന്ധിച്ച് ബന്ധപ്പെട്ട ബന്ധപ്പെട്ട ഡിവിഷൻ അധികാരിയുടെയും, മാനേജരുടെയും റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ടെണ്ടർ പ്രകാരമുള്ള അർഹമായ തുക അനുവദിക്കുന്നതാണ്.

29. കരാറുകാരൻ ബാധകമായ എല്ലാവിധ നികുതികളും അടക്കാൻ ബാധ്യസ്ഥമായിരിക്കും.

30. കരാർ കാലാവധിയ്ക്ക് ഇടയിൽ കരാറുകാരനോ, ടി-യാന്റെ തൊഴിലാളികളോ, എസ്റ്റേറ്റിനുള്ളിലോ പരിസരങ്ങളിലോ വന്യ മൃഗങ്ങളെ വേട്ടയാടുകയോ ആയതിന് സഹായിക്കുകയോ മറ്റ് എന്തെങ്കിലും നിയമ വിരുദ്ധ പ്രവര്ത്തനങ്ങളിൽ ഏർപ്പെടുകയോ അയതിന് സഹായിക്കുകയോ ചെയ്യുവാൻ പാടില്ല. വിപരീതമായി പ്രവർത്തിക്കുന്ന പക്ഷം കരാറുകാരന്റെ പേരിലുള്ള സകലവിധ കരാർ ഉടമ്പടികളും റദ്ദ് ചെയ്യുന്നതും അടച്ചിട്ടുള്ളതായ സകല തുകകളും കോർപ്പറേഷനിലേക്ക് കണ്ട് കെട്ടി മുതൽ കൂട്ടുന്നതുമായിരിക്കും. കൂടാതെ ആവശ്യമെങ്കിൽ ടി പ്രവർത്തികൾ നഷ്ടോത്തരവാദിത്വത്തിൽ മറ്റെതെങ്കിലും മാർഗ്ഗേന പൂർത്തീകരിക്കുന്നതിന് കോർപ്പറേഷന് അവകാശവും അധികാരവും ഉണ്ടായിരിക്കുന്നതുമാണ്.

Sd/-

**മാനേജിംഗ് ഡയറക്ടർ**

**<u>പ്രഖ്യാപനം</u>: ബന്ധപ്പെട്ട ദർഘാസ് വ്യവസ്ഥകൾ ഞാൻ വായിച്ച് മനസ്സിലാക്കുകയും, അതിലെ വ്യവസ്ഥകൾ പൂർണ്ണമായി അംഗീകരിക്കുകയും ചെയ്യുതായി ഇതിനാൽ സമ്മതിച്ചിരിക്കുന്നു.**

| | | |
|---|---|---|
| 1a. | ദർഘാസ് സമർപ്പിക്കുന്ന വ്യക്തിയുടെ പൂർണമായ തപാൽ മേൽവിലാസം (വ്യക്തിയുടെ പേര് , വീട്ടുപേര്, കര, വില്ലേജ്, താലൂക്ക്, ജില്ല, പിൻകോഡ് ഉൾപ്പെടെ) | |
| b. | ടിയാന്റെ വയസ്സ് | |
| c. | ഫോൺ നമ്പർ (കോഡ് ഉൾപ്പെടെ) ലാന്റ് നമ്പർ | |
| d | മൊബൈൽ നമ്പർ | |
| e. | അച്ഛന്റെ പേര് | |

ദർഘാസ് സമർപ്പിക്കുന്ന വ്യക്തിയുടെ പേരും ഒപ്പും:

സ്ഥലം:

തീയതി: